ഹെക്ടറിന് ആയിരം രൂപ നിരക്കിൽ സബ്സിഡി നൽകിവരുന്നു. കൂടാതെ സംയോജിത വളപ്രയോഗത്തിന് മണ്ണുപരിശോധന, പച്ചിലവള വിത്തു വിതരണം, ജീവാണുവളം പ്രോൽസാഹിപ്പിക്കുന്നതിനു ധനസഹായം, സംയോജിത കീടനിയന്ത്രണം, ഓരോ സീസണിലും നെൽക്കൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടറിനു 350 രൂപ നിരക്കിൽ ഉല്പാദന ബോണസ്, പ്രശ്നാധിഷ്ഠിത പ്രദേശങ്ങളിൽ നെൽക്കൃഷി വികസനത്തിനു രൂപീകരിച്ചിട്ടുള്ള നെൽ വികസന ഏജൻസികൾക്ക് പ്രോജക്ട് അടിസ്ഥാനത്തിൽ ധനസഹായം എന്നിവയും അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങൾ കർഷകർക്ക് യഥാസമയം ലഭ്യമാക്കുന്നതിനു വിത്ത് വികസന അതോറിറ്റി രൂപീകരിക്കുകയും നെൽക്കൃഷി വികസിപ്പിക്കുന്നതിനും കൂടുതൽ കർഷകരെ നെൽക്കൃഷിയിലേക്ക് ആകർഷിക്കുന്നതിനും വേണ്ട നടപടികളും സ്വീകരിച്ചുവരുന്നു.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

നികുതിയേതര വരുമാനം വർദ്ധിപ്പിക്കാനും പലിശ ബാദ്ധ്യത കുറയ്ക്കാനുമുള്ള നടപടികൾ

1 [2864] ശ്രീ. ജോസഫ് എം. പുതുശ്ശേരി:

" സ്റ്റീഫൻ ജോർജ്ജ്:

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:

ശ്രീ. തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പലിശ ബാധ്യത കുറച്ചുകൊണ്ടുവരുന്നതിന് കടമെടുപ്പ് മിതപ്പെടുത്തുവാനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(സി) വികസന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതിനായി കൈക്കൊള്ളുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പദ്ധതി അടങ്കലും പദ്ധതിചെലവും വർദ്ധിച്ചുവരുന്നതിനാൽ കടമെടുപ്പ് മിതപ്പെടുത്തുവാൻ സാധിക്കുന്നില്ല. എന്നാൽ പലിശ ബാധ്യത കുറയ്ക്കുന്നതിലേക്കായി ഉയർന്ന പലിശ നിരക്കിലുള്ള വായ്പകൾ കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പകളായി രൂപാന്തരപ്പെടുത്തി വരുന്നു.

(ബി) നികുതിയേതര വരുമാനം പരമാവധി ലഭിക്കുന്നതിലേക്കായി നികുതിയേതര വരുമാനം ലഭിക്കുന്ന പ്രധാനപ്പെട്ട വകുപ്പുതലവന്മാരുടെ അവലോകന മീറ്റിംഗ് സർക്കാർ തലത്തിലും വകുപ്പുതലത്തിലും നടത്താൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാന സമ്പദ്ഘടനയുടെ വിവിധ മേഖലകളിൽ ദ്രുതഗതിയിലുള്ള വളർച്ച കൈവരിക്കുന്നതിനും അതുവഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമാവശ്യമായ മുതൽ മുടക്ക് ആകർഷിക്കുന്നതിനും ഉതകുന്ന നയപരിപാടികളാണ് വികസനരംഗത്ത് സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി വിനോദസഞ്ചാരം, വ്യവസായം തുടങ്ങിയ പ്രധാനപ്പെട്ട മേഖലകളിൽ വികസന രേഖകൾ തയ്യാറാക്കിയിട്ടുണ്ട്. പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനുവേണ്ടി ഒരു "പരമ്പരാഗത വ്യവസായ നിധി" രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു. കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനായി ആഗോള നിക്ഷേപക സംഗമത്തിൽ അവതരിപ്പിക്കപ്പെട്ട പ്രോജക്ടുകൾക്ക് ധൃതഗതിയിൽ അംഗീകാരം നൽകുന്നതിലേക്കായി ഒരു "ഇൻവെസ്റ്റുമെന്റ് പ്രമോഷൻ ബോർഡ്" രൂപീകരിച്ചു. സ്വകാര്യ പങ്കാളിത്തത്തോടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി 'കേരള അടിസ്ഥാന സൗകര്യ ബിൽ' പരിഗണനയിലാണ്. ഇ-സാക്ഷരത പരിപാടിയായ 'അക്ഷയ' നടപ്പിലാക്കിവരുന്നു. കൃഷി മേഖലയുടെ വികസനത്തിനായി ഒരു അഗ്രി എക്സ്പോർട്ട് സോൺ രൂപീകരിച്ചു. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി കുടുംബശ്രീ സംവിധാനം ശക്തിപ്പെടുത്തുകയും 'ആശ്രയ' പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കി തുടങ്ങുകയും ചെയ്തു.

സാമ്പത്തിക അച്ചടക്കത്തിനായി സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടിക്രമങ്ങൾ

2 [2865] ശ്രീ. ഷിബു ബേബി ജോൺ:

" കെ. ബി. ഗണേഷ് കുമാർ:

" ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക അച്ചടക്കത്തിനായി സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കുന്നുണ്ടോ എന്നറിയിക്കാമോ;

(ബി) ഇതിൽ ഏതെല്ലാം നടപടിക്രമങ്ങളിൽ ഇളവ് വരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ അച്ചടക്കത്തിലൂടെ സർക്കാരിന് ഉണ്ടായിട്ടുള്ള സാമ്പത്തിക നേട്ടം വെളിപ്പെടുത്താമോ?

ഉത്തരം

(എ) പാലിക്കുന്നുണ്ട്.

(ബി) ഇളവുകൾ വരുത്തിയിട്ടില്ല.

(സി) സാമ്പത്തിക നില ഗണ്യമായ തോതിൽ മെച്ചപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly